**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6431. 08.07.2014 ൽ മറുപടിയ്ക്ക്.

## ഫെയർസ്റ്റേജ് നിർണ്ണയ ഉത്തരവുകൾ

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| ബസ് ചാർജ് നിശ്ചയിക്കുന്നതിനായി ഫെയർസ്റ്റേജ് നിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ? | (എ) | 1988 ലെ കേരള മോട്ടോർ വാഹന നിയമത്തിലെ 68-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സ്റ്റേറ്റ് / റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ ആണ് ഫെയർ സ്റ്റേജ് നിർണ്ണയിക്കേണ്ടത് എന്ന് 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 211 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഈ വ്യവസ്ഥ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ വാഹനങ്ങൾക്ക് ബാധകമല്ല എന്നും പ്രസ്തുത ചട്ടത്തിന്റെ ഖണ്ഡിക വ്യവസ്ഥ (Proviso) അനുശാസിക്കുന്നു. ആയതിനാൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഫെയർസ്റ്റേജുകൾ കെ.എസ്. ആർ.ടി.സി. ആണ് നിർണ്ണയിക്കുന്നത്. ഫെയർ സ്റ്റേജ് സംബന്ധിച്ച രേഖകളും പകർപ്പുകളും സൂക്ഷിക്കുന്നത് സ്റ്റാറ്റ്യൂട്ടറി സംവിധാനമായ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളും കൂടാതെ കെ.എസ്.ആർ.ടി.സി.യുമാണ്. ഇതു ക്രോഡീകരിച്ച് സർക്കാരിൽ സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.